KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 18/05/ 2020

# ക്വാറന്റൈനിലുള്ളവരെ നിരീക്ഷിക്കാൻ ശക്തമായ സംവിധാനങ്ങളൊരുക്കി പോലീസ്

കൊല്ലം : ലോക്-ഡൗൺ നാലാം ഘട്ടത്തിലേക്ക് കടന്ന സാഹചര്യത്തിൽ കൊല്ലം സിറ്റിയിൽ ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 19 കേസുകൾ രജിസ്റ്റർ ചെയ്ത് 17 പേരെ അറസ്റ്റ് ചെയ്യുകയും 12 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 52 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു. ക്വാറന്റൈൻ ലംഘനങ്ങൾക്കെതിരെ കർശനമായ പരിശോധനയും ശക്തമായ നിരീക്ഷണവുമാണ് പോലീസ് ഏർപ്പെടുത്തിയിരിക്കുന്നത്. വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി സർക്കാർ നിർദേശ പ്രകാരം ഹോം ക്വാറന്റൈ നിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും പുറത്ത് പോകുന്നത് തടയുന്നതിനായും ആയത് ഉറപ്പ് വരുത്തുന്നതിനുമായി ബൈക്ക് പട്രോളിംഗ് ഉൾപ്പെടെയുള്ള ശക്തമായ മുൻ കരുതൽ നടപടികളാണ് സിറ്റി പോലീസ് ഏർപ്പെടുത്തിയിരിക്കുന്നത്.ഇത്തരത്തിൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ സർക്കാർ നൽകിയിട്ടുള്ള മാർഗ നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണെന്നും പൊതുസ്ഥലങ്ങ ളിൽ സഞ്ചരിക്കുന്നവർ നിർബന്ധമായും മാസ്ക് ധരിച്ച് സാമൂഹ്യ അകലം പാലിക്കേണ്ടതാ ണെന്നും  ആയതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ ശക്തമായ നടപടികൾ അവർക്കെതിരെ സ്വീകരിക്കുമെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

ഓച്ചിറ അഴീക്കൽ ഹാർബറിൽ ലോക്-ഡൗൺ മാനദണ്ഡങ്ങളും സാമൂഹ്യ അകലവും പാലിക്കാതെ കൂട്ടം കൂടിയതിന് 21 പേർക്കെതിരേയും കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 5 പേർക്കെതിരേയും ചവറ കെ.എം.എം.എല്ലിന് മുൻവശം പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 15 പേർക്കെതിരേയും പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തു.